ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ്

കേരളീയത്തനിമ ഉൾക്കൊള്ളുന്ന അനുഷ്ഠാനകലയാണ് മുടിയേറ്റ്. കാലാന്തരത്തിൽ പല കലാരൂപങ്ങളും അപ്രത്ര്യക്ഷമായെങ്കിലും കാലത്തെ അതിജീവിച്ച് മുടിയേറ്റ് ഇപ്പോഴും നിലനില്ക്കുന്നു. മാത്രമല്ല മുടിയേറ്റിന്റെ അനുഷ്ഠാനാംശങ്ങൾ അല്പംപോലും ചോർന്നുപോകാതെ പൂർണമായ ഭക്തിനിറവിൽ ഇന്നും അവതരിപ്പിക്കപ്പെടുന്നു. താന്ത്രികക്രിയകളിലൂടെ ദേവീ ദേവന്മാരുടെ ചൈതന്യം വർദ്ധിപ്പിക്കുന്നതുപോലെ തികച്ചും അനുഷ്ഠാന പരമായ മുടിയേറ്റിലൂടെ ദേവിപ്രീതി ഏറുകയും അതുവഴി ദേശത്തിന് ഐശ്വ ര്യവും സമൃദ്ധിയും വർദ്ധിക്കുകയും ചെയ്യുമെന്നതിനാൽ എല്ലാ വർഷവും ദേവീക്ഷേത്രങ്ങളിൽ മുടിയേറ്റ് നടത്തുന്നു. വ്യത്യസ്ത ജാതിക്കൂട്ടായ്മകളുടെ പങ്കാളിത്തമുള്ള അനുബന്ധകലകളോടെ അവതരിപ്പിക്കപ്പെടുന്ന ചന്ദനശ്ശേ രിക്കാവിലെ മുടിയേറ്റ് എന്തുകൊണ്ടും ശ്രദ്ധേയമാണ്.

എറണാകുളംജില്ലയിലെ കൂത്താട്ടുകുളത്തുനിന്നും അഞ്ച് കിലോമീറ്റർ കിഴക്കുമാറി കോട്ടയംജില്ലയിൽ പൂവക്കുളം എന്ന സ്ഥലത്ത് കുഞ്ചരക്കാട്ട് മനവക കുടുംബക്ഷേത്രമാണ് ചന്ദനശ്ശേരിക്കാവ്. ഉഗ്രമൂർത്തിയായ ഭദ്ര കാളിയാണ് കാവിലെ പ്രതിഷ്ഠ. ഏതാണ്ട് 400 വർഷത്തിനുമേൽ പഴക്ക മുള്ള ഈ ക്ഷേത്രത്തിൽ ആദ്യകാലം മുതൽക്കേ മുടിയേറ്റ് നടത്തിയിരുന്നു വത്രേ. കഴിഞ്ഞ 65 വർഷമായി കാളിക്കുറുപ്പ് എന്നറിയപ്പെടുന്ന കുന്ന യ്ക്കാൽ രാമക്കുറുപ്പാണ് ഇവിടെ മുടിയേറ്റ് നടത്തിവന്നിരുന്നത്. എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി അദ്ദേഹത്തിന്റെ പുത്രന്മാരാണിത് അവതരിപ്പിക്കുന്നത്. സമകാലിക കാലഘട്ടത്തിൽ മാനുഷിക മൂല്യങ്ങളോ ടൊപ്പം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒന്നാണ് കൂട്ടായ്മ. എന്നാൽ,

ഇതിനൊരപവാദമാണ് കൂട്ടായ്മയിലൂടെ അരങ്ങേറുന്ന ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ്. പ്രാക്തനകാലംമുതലേ ഈഴവർ, പുലയർ തുടങ്ങിയ സമുദായങ്ങളുടെ നാടൻകലകളായ ഐവർകളി, മുടിയാട്ടം എന്നിവയോടെയാണ് ഇവിടെ മുടിയേറ്റ് അവതരിപ്പിക്കുന്നത്. കൂടാതെ, കളമെഴുത്തുംപാട്ടും, ചുറ്റുവിളക്ക്, താലപ്പൊലി, കലംകരി, പൊങ്കാല, ഭരണിയൂട്ട്, ഇളംപാന, ഗരുഡൻപറവ, ഗുരുതി തുടങ്ങിയ അനുഷ്ഠാനങ്ങളും അനുഷ്ഠാനകലകളും മുടിയേറ്റിന്റെ അനുബന്ധമായി നടത്തുന്നുണ്ട്.

ഈഴവസമുദായത്തിന്റെ കലാരൂപമാണ് ഐവർകളി. പന്ത്രണ്ട് ദിവസത്തെ വ്രതാനുഷ്ഠാനത്തോടെ വഴിപാടുനേർന്നിട്ടുള്ള വീട്ടിൽ പന്ത്രണ്ടു ദിവസവും പരിശീലിച്ചതിനുശേഷം ക്ഷേത്രത്തിൽ പ്രത്യേകം സജ്ജമാക്കിയ തട്ടിൽ ഈ കലാരൂപം അരങ്ങേറുന്നു. ഐവർകളി ആരംഭിച്ചതിനുശേഷമാണ് മുടിയേറ്റ് ആരംഭിക്കുന്നത്. മുൻകാലങ്ങളിൽ പുലയസമുദായത്തിന്റെ അനുഷ്ഠാനകലയായ മുടിയാട്ടവും ഇവിടെ നടത്തിയിരുന്നു. മുകളിൽ സൂചിപ്പിച്ച വ്യത്യസ്ത അനുഷ്ഠാനങ്ങളുടെയും അനുഷ്ഠാനകലകളുടെയും സമ്മേളനത്തോടുകൂടി മാത്രമേ ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ് പൂർണമാവുന്നുള്ളൂ.

അഭീഷ്ടസിദ്ധിക്കുവേണ്ടി പ്രകൃതിയെയും പ്രകൃത്യാതീതശക്തികളെയും പ്രീതിപ്പെടുത്തിയിരുന്നത് ആചാരാനാനുഷ്ഠാനങ്ങളിലൂടെയായിരുന്നു. ഓരോ ദേശത്തിന്റെയും അനുഷ്ഠാനകലകൾ അതതുദേശത്തിന്റെ സാംസ്കാരികപാരമ്പര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിലെ അനുഷ്ഠാനകലകളിൽ പ്രധാനമായ ഒന്നാണ് മധ്യദക്ഷിണ ദേശങ്ങളിൽ ദേവിയെ പ്രീതിപ്പെടുത്തുന്നുതിനായി നടത്തുന്ന മുടിയേറ്റ്. കാവുകളും കാളീസങ്കല്പവുമെല്ലാം കേരളീയ ജീവിതത്തെ ശക്തമായി സ്വാധീനിച്ചിരുന്നു എന്നതിന്റെ തെളിവാണ് മുടിയേറ്റ്, പടയണി, മുടിയാട്ടം, തീയാട്ട് എന്നീ അനുഷ്ഠാനകലകൾ.

ഗോത്രപാരമ്പര്യത്തിൽനിന്ന് അനുക്രമമായി വളർന്ന കേരളീയസമൂഹം വിധി-വിശ്വാസങ്ങളിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും വിവിധ കലാരൂപങ്ങൾക്ക് ജന്മം നൽകുകയുണ്ടായി. ഈ കലാരൂപങ്ങൾ ഭൂപ്രകൃതി, ഭാഷ, സംസ്കാരം എന്നീ തലങ്ങളിൽ വ്യത്യസ്തമായിരിക്കുന്നു. ഓരോ ജനതയുടെയും സാംസ്കാരികചരിത്രത്തിന്റെ പൂർണത ആ ജനവിഭാഗത്തിന്റെ കൂട്ടായ്മയുടെ പ്രതീകമായ കലാരൂപങ്ങളിൽ അധിഷ്ഠിതമാണ്. മുടിയേറ്റിനെക്കുറിച്ചുള്ള ഈ പ്രബന്ധത്തിന്റെ പ്രാധാന്യവും ഇതുതന്നെ. അമ്മദൈവസങ്കല്പവുമായി ബന്ധപ്പെട്ട അനുഷ്ഠാനകലാരൂപങ്ങളിലെല്ലാം പ്രാദേശികമായ പ്രത്യേകതകൾ പ്രകടമാണ്. ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ് കേരളത്തിലെ മറ്റു ക്ഷേത്രങ്ങളിലെ അനുഷ്ഠാനകലകളിൽനിന്ന് വ്യത്യസ്തമാകുന്നത് അവതരണപരമായ പ്രത്യേകതകൾകൊണ്ടാണ്. ഇതാണ് ഈ അനുഷ്ഠാനകലാരൂപത്തെക്കുറിച്ചുള്ള പഠനത്തിന്റെ മറ്റൊരു സവിശേഷത.

കേരളത്തിലെ ഭദ്രകാളീക്ഷേത്രങ്ങളിൽ നടത്തപ്പെടുന്ന അനുഷ്ഠാനാവതരണമാണ് മുടിയേറ്റ്. ഭദ്രകാളിയുടെ മുടി (കിരീടം) ശിരസ്സിലേറ്റിനടത്തുന്ന ചടങ്ങായതിനാലാണ് മുടിയേറ്റ് എന്ന പേരുണ്ടായത് എന്നുപറയപ്പെടുന്നു. മുടി ശക്തിയുടെ, പ്രത്യേകിച്ച് സ്ത്രീശക്തിയുടെ പ്രതീകമാണ്. തികഞ്ഞ ഭക്തിയോടും വ്രതാനുഷ്ഠാനങ്ങളോടുംകൂടി നടത്തേണ്ട ഒരു പാരമ്പര്യാനുഷ്ഠാനമാണ് മുടിയേറ്റ്. കാളി, ദാരികവധത്തിനായി മുടിയേറ്റിപ്പുറപ്പെടുന്ന ഭക്തിനിർഭരമായ ചടങ്ങാണിത്. രോഗനിവാരണത്തിനും അഭീഷ്ടകാര്യസിദ്ധിക്കും ഐശ്വര്യത്തിനുംവേണ്ടി മുടിയേറ്റ് നടത്തിവരുന്നു. ഇന്നും പല ദേവീക്ഷേത്രങ്ങളിലും ആണ്ടുതോറും മുടിയേറ്റ് നടത്തുക പതിവാണ്. മധ്യകേരളത്തിലെ (തിരുവിതാംകൂറിന്റെ വടക്കൻഭാഗങ്ങളിലും കൊച്ചിയിലും) ഭദ്രകാളിക്കാവുകളിൽ മകരം, കുംഭം, മീനം, മേടം മാസങ്ങളിലാണ് മുടിയേറ്റ് പ്രധാനമായി നടത്തിവരുന്നത്.

വ്യത്യസ്ത ജനതകളും അവരുടെ കലാസാംസ്കാരിക ആവിഷ്കാരങ്ങളും എങ്ങനെയാണ് ഒരു ദേശത്തിന്റെ സംസ്കൃതിയുടെ ഭാഗമായി പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കുന്നതോടൊപ്പം അവ ഏതേതു പരിസരങ്ങളിൽ അതതു ദേശത്തെ ക്ഷേത്രാചാരമായി മാറിയെന്നും ആചാരാനുഷ്ഠാനങ്ങളുടെ കാലികചക്രത്തിൽ അവ എങ്ങനെ സ്ഥാനമുറപ്പിച്ചിരിക്കുന്നു എന്നുമുള്ള വിശകലനമാണ് ഈ പഠനത്തിന്റെ പ്രധാനലക്ഷ്യം. മറ്റു സമുദായങ്ങളുമായി ബന്ധമൊന്നും വെച്ചുപുലർത്താത്ത സ്വതന്ത്രാനുഷ്ഠാനകലാരൂപമായിട്ടാണ് മുടിയേറ്റിനെ പരമ്പരാഗതമായി കണക്കാക്കുന്നത്. പക്ഷേ അടിസ്ഥാനപരമായി പരിശോധിച്ചാൽ ഈ ധാരണ തെറ്റാണെന്ന് കാണാം. മുടിയേറ്റ് അതിന്റെ പൂർണതയിൽ അവതരിപ്പിക്കുന്നതിന് അനുസാരികളായ വ്യത്യസ്ത ഘടകങ്ങളുടെ ആവശ്യമുണ്ട്. ഏതു ക്ഷേത്രത്തിനോട് ബന്ധപ്പെട്ടാണെങ്കിലും മുടിയേറ്റ് അവതരിപ്പിക്കുമ്പോൾ അതിന്റെ അനുബന്ധമായി വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ട ജനങ്ങളുടെ വിവിധ ആചാരങ്ങളും നടത്തപ്പെടുന്നതായിക്കാണാം. ഈ ആചാരാനുഷ്ഠാനങ്ങളുടെ അകമ്പടിയില്ലാതെ മുടിയേറ്റ് അവതരിപ്പിച്ചുകാണാറില്ല. വൈവിധ്യം ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ വിശ്വാസപ്രമാണങ്ങളുമായി ഇഴചേർന്നുനിൽക്കുന്നതാണ് ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ്. അതുകൊണ്ടുതന്നെ വ്യത്യസ്ത ജീവിതവീക്ഷണം ഉൾക്കൊള്ളുന്ന ജനതയുടെ കൂട്ടായ്മയായി ഇതിനെ കണക്കാക്കാം.

മുടിയേറ്റ് എന്ന അനുഷ്ഠാനകലയുടെ അവതരണത്തിൽ വ്യത്യസ്ത കൂട്ടായ്മകളുടെ സംസ്കൃതിയും വിശ്വാസങ്ങളും എങ്ങനെ പരസ്പരപൂരകത്വത്തോടെ നിർവഹിക്കപ്പെടുന്നു എന്ന അന്വേഷണവും ഈ പഠനത്തിന്റെ ലക്ഷ്യമാണ്.മുടിയേറ്റ് അവതരിപ്പിക്കുമ്പോൾ അതിനനുബന്ധമായി വ്യത്യസ്ത സമുദായത്തിൽപ്പെട്ട ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങളും നടത്തപ്പെടുന്നതായി കാണാം. ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ് എന്ന നിർദിഷ്ട പഠനം ലക്ഷ്യമാക്കുന്നത് ഈ കലാരൂപത്തിന്റെ അവതരണത്തിൽ വ്യത്യസ്ത ജന

വിഭാഗങ്ങളുടെ പങ്കാളിത്തവും വിഭിന്ന സംസ്കൃതിയുടെ പങ്കും എങ്ങനെ ഇതിനെ നിർമിച്ചെടുക്കുന്നു എന്നതാണ്. മുടിയേറ്റിനെക്കുറിച്ച് മലയാളത്തിലും ഇംഗ്ലീഷി ലും പല പഠനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ഇത്തരത്തിലൊരു പഠനം ഉണ്ടായിട്ടില്ല. ഓരോ സമുദായത്തിന്റെയും പ്രത്യേകത ഉൾക്കൊള്ളുന്ന ഇത്തരം പഠനങ്ങൾ ജനസമൂഹത്തിന്റെ സാംസ്കാരികവൈരുധ്യമാണ് വെളി പ്പെടുത്തുന്നത്. അതിലെ പ്രാദേശികത്വം, സാമൂഹ്യസാംസ്കാരികതലം, കൂട്ടായ്മ, വിവിധ കലാരൂപങ്ങളുടെ ആവിഷ്കാരം തുടങ്ങിയ പ്രത്യേകത കളും ഈ പഠനത്തിലുണ്ട്.

ശാസ്ത്രം, സാഹിത്യം തുടങ്ങി സമസ്ത മേഖലകളിൽ വിവിധതര ത്തിലുള്ള പരീക്ഷണങ്ങളുടെയും കണ്ടെത്തലുകളുടെയും കൂട്ടിച്ചേർക്കലു കളുടെയും അതിവിശാലമായ സാധ്യതകൾ ആധുനികതലമുറയുടെ മുൻപി ലുണ്ടെങ്കിലും നാഗരികതയുടെ കടന്നുകയറ്റവും ആഗോളവൽക്കരണം, ഉപ ഭോക്തൃസംസ്കാരം എന്നിവയും പുതിയ തലമുറയെ നമ്മുടെ തനതുസം സ്കാരത്തിൽനിന്നും ഒരു പരിധിവരെ അകറ്റിനിർത്തുന്നു. ഇത് കൂട്ടായ്മ യുടെ മഹത്വം അവർക്ക് അന്യമാക്കുന്നു. ഈ സാഹചര്യമാണ് ചന്ദനശ്ശേരി ക്കാവിലെ മുടിയേറ്റിന്റെയും അതിലൂടെ ഉരുത്തിരിയുന്ന കൂട്ടായ്മയുടെയും പ്രസക്തി.

ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ് എന്ന ഈ പ്രബന്ധത്തിന്റെ ആമുഖ ത്തിൽ ഇത്തരത്തിലൊരു പഠനത്തിന്റെ പ്രസക്തിയെക്കുറിച്ച് വ്യക്തമാക്കി യിരിക്കുന്നു. തുടർന്നുള്ള ഭാഗങ്ങൾ അഞ്ച് അധ്യായങ്ങളായി തിരിച്ചിരിക്കു ന്നു.

'നാടോടിസംസ്കാരവും അവതരണകലകളും' എന്ന ഒന്നാമധ്യായ ത്തിൽ നാടോടിസംസ്കാരത്തെക്കുറിച്ചും ഇതിന് പണ്ഡിതന്മാർ നൽകിയി ട്ടുള്ള വ്യത്യസ്ത നിർവചനങ്ങൾ, നാടൻകലകൾ അതിന്റെ വിഭജനം എന്നി

വയെക്കുറിച്ചും അതോടൊപ്പം ഇവയുടെ വിശദീകരണവും നൽകിയിരിക്കുന്നു. അനുഷ്ഠാനനൃത്തത്തിന്റെ വിശദീകരണത്തോടൊപ്പം ഇതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നതിനായി തെയ്യത്തെക്കുറിച്ചും അനുഷ്ഠാനേതരനാടകങ്ങളിൽനിന്ന് പൊറാട്ട്, കാക്കാരിശ്ശി എന്നിവയെക്കുറിച്ചും അതിന്റെ അവതരണക്രമത്തെക്കുറിച്ചും പ്രത്യേകം പ്രതിപാദിച്ചിരിക്കുന്നു.

'കേരളത്തിന്റെ അനുഷ്ഠാനാവതരണപാരമ്പര്യം' എന്ന രണ്ടാമധ്യായത്തിൽ കാളി-ദാരികപുരാവൃത്തം, ഇതിന്റെ വ്യത്യസ്ത പാഠഭേദങ്ങൾ, കേരളപരിസരത്ത് ഇത് രൂഢമൂലമാകാൻ കാരണം എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നു. ദാരികവധാനന്തരം ശിവസന്നിധിയിലെത്തിയ കാളിയിൽ സന്തുഷ്ടനായ ശിവൻ ഭദ്രകാളി (മംഗളസ്വരൂപിണി)യായി മലയാള മനസ്സിൽ കുടിയിരുത്തിയ കാവിലമ്മ - മലയാളിയുടെ വലിയ അമ്മയായി മാറിയതും വ്യക്തമാക്കിയിരിക്കുന്നു. നാടകീയാംശമുള്ളതും കാളീപുരാവൃത്തത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നതുമായ നിണബലി, പടയണി, ഭദ്രകാളിത്തീയാട്ട് തുടങ്ങിയ അവതരണകലകൾ കൂടാതെ അനുഷ്ഠാനാംശമുള്ളതും എന്നാൽ വ്യത്യസ്ത പുരാവൃത്തങ്ങൾ സ്വീകരിച്ചുകൊണ്ട് അവതരിപ്പിച്ചുവരുന്നതുമായ കോതാമ്മൂരിയാട്ടം പോലുള്ള രംഗാവതരണങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു.

കാളി-ദാരികപുരാവൃത്തം സ്വീകരിച്ചുകൊണ്ട് കേരളത്തിൽ അങ്ങോളമിങ്ങോളം അവതരിപ്പിച്ചുവരുന്ന വ്യത്യസ്ത അവതരണഭേദങ്ങളാണ് മൂന്നാമത്തെ അധ്യായമായ 'കാളി-ദാരികപുരാവൃത്തത്തിന്റെ വ്യത്യസ്ത അവതരണരൂപങ്ങളിൽ' ചർച്ചചെയ്തിരിക്കുന്നത്. ഇതിന്റെ അവതരണഭൂമിക തൃശൂർ കാട്ടകാമ്പാൽ മുതൽ തിരുവനന്തപുരം വെള്ളായണിവരെ നീണ്ടുകിടക്കുന്നു. മുടിയെടുപ്പ്, മുടിപ്പേച്ച്, കാളിദാരികൻ, കാളിയൂട്ട്, രുധിരക്കോലം, കോലംകളി, ദാരികവധം, കാളകളി, കാളികെട്ട്, മുടിയേറ്റ് തുടങ്ങി അവതരണത്തിൽ ദേശഭേദമനുസരിച്ച് വ്യത്യസ്തത പുലർത്തുന്ന അവതരണരൂപങ്ങളാണിവ.

ഇവയിലെന്തുകൊണ്ടും ഒരു അനുഷ്ഠാനനാടകമെന്ന നിലയിൽ മികച്ചു നിൽക്കുന്നതാണ് മുടിയേറ്റ്. വയലുകളും ജലാശയങ്ങളും നിറഞ്ഞ തീരപ്രദേശത്തിന്റെ വിളവെടുപ്പുത്സവം കൂടിയായ മുടിയേറ്റ് മറ്റെല്ലാ അവതരണങ്ങളെയും പിന്നിലാക്കിക്കൊണ്ട് ഗ്രാമീണ മനസ്സിന്റെ ഭക്തിയിലും നിഷ്കളങ്കതയിലും വേരൂന്നിനിൽക്കുന്നു.

സവിശേഷപഠനത്തിന് വിധേയമാക്കിയ ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന്റെ വിശകലനമാണ് നാലാമത്തെ അധ്യായത്തിൽ. കുത്താട്ടുകുളത്തുനിന്നും പാലാ-രാമപുരം റൂട്ടിൽ അഞ്ച് കിലോമീറ്റർ അകലെയുള്ള പൂവക്കുളം ദേശത്തിന്റെ സാംസ്കാരിക ഭൂമികയിലെ നാഴികക്കല്ലാണ് ചന്ദനശ്ശേരിക്കാവ്.

മീനത്തിലെ അശ്വതി, ഭരണി, കാർത്തിക നാളുകളിലായി നടത്തിവരുന്ന മുടിയേറ്റുത്സവം സവിശേഷ ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. വ്യത്യസ്തങ്ങളും എന്നാൽ കാളിദാരികപുരാവൃത്തത്തിന്റെ വിവിധ സന്ദർഭങ്ങൾ സ്വീകരിച്ചുകൊണ്ട് അവതരിപ്പിക്കുന്നതുമായ അനുഷ്ഠാനങ്ങളുടെയും അനുഷ്ഠാനകലകളുടെയും ഒരു ശൃംഖലയാണ് ഇവിടെ അരങ്ങേറുന്നത്. ഈ ചക്രത്തിനുള്ളിൽ മുടിയേറ്റിന്റെ പ്രാധാന്യം വിശദീകരിക്കുന്നതോടൊപ്പം ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന്റെ അവതരണത്തിലുള്ള പ്രത്യേകതകളും വ്യക്തമാക്കിയിരിക്കുന്നു.

അഞ്ചാമത്തെ അധ്യായമായ 'ഉപസംഹാര'ത്തിൽ, പഠനത്തിൽ ഉരുത്തിരിഞ്ഞ പൊതുനിരീക്ഷണങ്ങളും ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന്റെ പ്രത്യേകതകളും ക്രോഡീകരിച്ചിരിക്കുന്നു.

പുരാവൃത്തങ്ങളിൽ നിബന്ധിതമായ അനുഷ്ഠാനങ്ങൾ മതത്തിന്റെ നെടുംതൂണാണ്. ഇവ ലാളിത്യത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രതീകമായ നാടൻകലകൾപോലെ സുന്ദരമാണ്. ഓരോ കൂട്ടായ്മയുടെയും ആചാ

രവിശ്വാസങ്ങൾ അവരുടെ അനുഷ്ഠാനങ്ങളിലും അനുഷ്ഠാനകലകളിലും അധിഷ്ഠിതമാണ്. ഒരു പഠിതാവിനെ ആകർഷിക്കുന്നത് ഇതിലെ കലാംശമാണെങ്കിൽ ഒരു വിശ്വാസിയെ ആകർഷിക്കുന്നത് ഇതിലെ അനുഷ്ഠാനാംശമാണ്. മലയാളമണ്ണിൽ ആഴത്തിൽ വേരോടിയിരിക്കുന്ന കാളീപുരാവൃത്തമാണ് മിക്ക അനുഷ്ഠാനങ്ങൾക്കും അനുഷ്ഠാനകലകൾക്കും ആധാരം. തിന്മയുടെമേലുള്ള നന്മയുടെ വിജയമാണ് അമ്മദൈവസങ്കല്പത്തിന് പിന്നിലുള്ളത്.

നിശ്ചലതയുടെ ധൂളീചിത്രവും ചലനാത്മകതയുടെ രംഗാവതരണവും ഏകതാനകമായി മുടിയേറ്റിൽ കൂടിച്ചേരുന്നു. കഥകളി, തുള്ളൽ പോലുള്ള പല ക്ഷേത്രകലകളിലും മുടിയേറ്റിന്റെ സ്വാധീനം കാണാം. മറ്റ് അനുഷ്ഠാനകലകളിൽനിന്നും വ്യത്യസ്തമായ ഒരു സമ്പൂർണ നാടകാവതരണമാണ് മുടിയേറ്റ്. പ്രകൃതി >കാവ് >ദൈവം > അനുഷ്ഠാനം >വിശ്വാസം എന്ന രീതിയിലാണ് മുടിയേറ്റുപോലുള്ള അനുഷ്ഠാനകലകളുടെ നിലനിൽപ്. പ്രകൃതിയും കാവും സംരക്ഷിക്കപ്പെടുന്നതുപോലെതന്നെ നമ്മുടെ സാംസ്കാരികപൈതൃകം ഉൾക്കൊള്ളുന്ന മുടിയേറ്റും സംരക്ഷിക്കപ്പെടേണ്ടതാണ്. മുടിയേറ്റ് പാരമ്പര്യമായി കൊണ്ടുനടക്കുന്ന കുടുംബക്കാർ മാത്രമാണ് ഇത് ഇപ്പോൾ അവതരിപ്പിക്കുന്നതെങ്കിലും ആദിമാതൃദേവതാരാധന നിലനിൽക്കുന്ന ഈ അനുഷ്ഠാനാവതരണകല താൽപര്യവും വിശ്വാസവുമുള്ള ആർക്കും അഭ്യസിക്കാനുള്ള സാഹചര്യം സമീപകാലത്ത് തെളിഞ്ഞുവരുന്നുണ്ട്. ഇത് മുടിയേറ്റിന്റെ ഭാവിയെ കൂടുതൽ ശ്രേയസ്കരമാക്കും എന്നതിന് തർക്കമില്ല.

ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റ് അവതരിപ്പിക്കുന്നത് കുന്നയ്ക്കാൽ ശ്രീദുർഗ്ഗ മുടിയേറ്റ് സംഘമാണ്. മറ്റ് സംഘങ്ങൾ അവതരിപ്പിക്കുന്ന മുടിയേറ്റിൽനിന്നും വ്യത്യസ്തമായി ഇതിലെ കഥാപാത്രങ്ങൾ തങ്ങളുടെ സംഭാ

ഷണം നേരിട്ടു പറയുന്നു. ശിവ-നാരദസംവാദത്തോടെ ആരംഭിക്കുന്ന മുടിയേറ്റ് അതിന്റെ പരിസമാപ്തി കുറിക്കുന്ന മുടിയുഴിച്ചിൽവരെയുള്ള രംഗങ്ങൾക്കിടയിൽ ഒരിക്കൽപ്പോലും അരങ്ങൊഴിയുന്നില്ല. പൊതുവെ മുടിയേറ്റിന്റെ അനുഷ്ഠാനക്രമം മറ്റുസംഘങ്ങളുടേതുപോലെ ആണെങ്കിലും എടുത്തുപറയത്തക്ക ചില വ്യത്യാസങ്ങൾ ഇവിടെ കാണാം. കുറുപ്പിന്റെ മുടിയേറ്റിന് മാരാരുടെ കളമെഴുത്തുംപാട്ടും, നമ്പൂതിരിയുടെ കളംപൂജയും, ഈഴവരുടെ ഐവർകളിയും, ദളിതന്റെ മുടിയാട്ടവും, വ്യത്യസ്ത കൂട്ടായ്മകളുടെ ചുറ്റുവിളക്ക്, താലപ്പൊലി, പൊങ്കാല, ഭരണിയൂട്ട്, ഇളംപാന ഗരുഡൻപറവ, ഗുരുതി എന്നീ അനുബന്ധകലകളും ചേർന്ന് വ്യത്യസ്ത ജാതിക്കൂട്ടായ്മയുടെ ഒരു ശൃംഖല തീർക്കുന്നു. ഇത് ഇവിടുത്തെ മുടിയേറ്റിനെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഈ ശൃംഖലയില്ലാതെ ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന് നിലനിൽപ്പില്ല.

ചന്ദനശ്ശേരിക്കാവിന്റെ സാമൂഹികപശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന മുടിയേറ്റ് ഇവിടുത്തെ പ്രത്യേക സാഹചര്യത്തിൽ എങ്ങനെ നിലനിൽക്കുന്നു എന്ന ഈ അന്വേഷണം എന്തുകൊണ്ടും സവിശേഷപ്രാധാന്യമർഹിക്കുന്നു. കേരളീയസംസ്കാരത്തോട് ഇഴചേർന്ന് നിൽക്കുന്ന സാംസ്കാരികവൈവിധ്യമാണ് ഒരോ കലാരൂപങ്ങളിലും ഉള്ളത്. അമ്മദൈവങ്ങളിലും വിധി-വിശ്വാസങ്ങളിലും വിശ്വാസമർപ്പിച്ചിരുന്ന ജനതയുടെ കൂട്ടായ്മയും ഭക്തിനിർഭരമായ സമർപ്പണവുമാണ് അനുഷ്ഠാനകലകൾക്ക് അടിത്തറ. ഈ കാഴ്ചപ്പാടിൽ മുടിയേറ്റിന്റെയും അത് അരങ്ങേറുന്ന സവിശേഷപ്രാധാന്യമുള്ള ചന്ദനശ്ശേരിക്കാവിന്റെയും പഠനം തികച്ചും പ്രസക്തമാണ്. അനുഷ്ഠാനകലകളെക്കുറിച്ചുള്ള സവിശേഷപഠനത്തിന് തയ്യാറെടുക്കുന്ന പഠിതാക്കൾക്ക് ഇത്തരത്തിലൊരു പഠനം പ്രചോദനമായിരിക്കും.